6000
27/6/14

# കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ്-6.4.2000 നം 5.4.2001 നമിടയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ അറ്റൻഡർ തസ്തികയിൽ താൽക്കാലികമായി ജോലി ചെയ്തിരുന്ന ശ്രീമതി.കെ.റോസമ്മയ്ക്ക് പുനർനിയമനം നൽകുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാമൂഹ്യനീതി (ഡി) വകുപ്പ്

സ.ഉ(എം.എസ്)നം.53/14/സാ.നീതി.വ തിരുവനന്തപുരം, തീയതി 23.6.2014

പരാമർശം-
1. 18.5.2013 ലെ സ.ഉ(പി) 40/13/സാ.നീ.വ നമ്പർ ഉത്തരവ്
2. 7.8.2013 ലെ സ.ഉ(പി) 63/13/സാ.നീ.വ നമ്പർ ഉത്തരവ്
3. 7.10.2013 ലെ സ.ഉ(പി) 80/13/സാ.നീ.വ നമ്പർ ഉത്തരവ്
4. 8.11.2013 ലെ സ.ഉ(പി) 96/13/സാ.നീ.വ നമ്പർ ഉത്തരവ്
5. 22.11.2013 ലെ സ.ഉ(പി) 99/13/സാ.നീ.വ നമ്പർ ഉത്തരവ്
6. 2.12.2013 ലെ സ.ഉ(പി) 105/13/സാ.നീ.വ നമ്പർ ഉത്തരവ്
7. 17.1.2014 ലെ സ.ഉ(പി) 3/14/സാ.നീ.വ നമ്പർ ഉത്തരവ്
8. 23.1.2014 ലെ സ.ഉ(പി) 5/14/സാ.നീ.വ നമ്പർ ഉത്തരവ്
9. 24.2.2014 ലെ സ.ഉ(എം.എസ്)നം.14/14/സാ.നീ.വ നമ്പർ ഉത്തരവ്
10. 29.4.2014 ലെ സ.ഉ(എം.എസ്)നം.30/14/സാ.നീ.വ നമ്പർ ഉത്തരവ്
11. 3.5.2014 ലെ സ.ഉ(പി)നം.32/14/സാ.നീ.വ നമ്പർ ഉത്തരവ്
12. 5.5.2014 ലെ സ.ഉ(പി)നം.35/14/സാ.നീ.വ നമ്പർ ഉത്തരവ്
13. 27.5.2014 ലെ സ.ഉ(പി)നം.42/14/സാ.നീ.വ നമ്പർ ഉത്തരവ്
14. 28.5.2014 ലെ സ.ഉ(പി)നം.45/14/സാ.നീ.വ നമ്പർ ഉത്തരവ്
15. 31.5.2014 ലെ സ.ഉ(എം.എസ്)നം.46/14/സാ.നീ.വ നമ്പർ ഉത്തരവ്
16. 31.5.2014 ലെ സ.ഉ(എം.എസ്)നം.47/14/സാ.നീ.വ നമ്പർ ഉത്തരവ്
17. 26.5.2014 ലെ സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ H4-37066/13 നമ്പർ കത്ത്

## ഉത്തരവ്

പരാമർശം ഒന്ന് ഉത്തരവ് പ്രകാരം 16.8.99 നം 31.12.2003 നമിടയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി നിയമനം ലഭിച്ച് 179 ദിവസം സേവനം പൂർത്തിയാക്കിയിട്ടുള്ള ഏകദേശം 2677 അംഗപരിമിതർക്ക് പുനർ നിയമനം നൽകുന്നതിനായി സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് പുനർ/റഗുലർ നിയമനം നൽകുന്നതിന് ഉത്തരവായിരുന്നു.

2. പരാമർശം 2 മുതൽ 16 വരെയുള്ള ഉത്തരവുകൾ പ്രകാരം ടി കാലയളവിൽ വിവിധ വകുപ്പുകളിൽ വിവിധ തസ്തികകളിൽ താൽക്കാലികമായി ജോലി ചെയ്തിരുന്ന അംഗപരിമിതർക്ക് പുനർനിയമനം നൽകുന്നതിന് നിർദ്ദേശിച്ചിരുന്നു.

3. 6.4.2000 മുതൽ 5.4.2001 വരെ കരാർ അടിസ്ഥാനത്തിൽ എന്നാൽ നിശ്ചിത ശമ്പള സ്കെയിലിൽ തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ അറ്റൻഡർ തസ്തികയിൽ താൽക്കാലിക സേവനം അനുഷ്ഠിച്ച ശ്രീമതി.റോസമ്മയ്ക്ക് നിലവിൽ 59 വയസ്സ് അധികരിച്ചതിനാലും 60 വയസ്സ് കഴിഞ്ഞാൽ പുനർനിയമനത്തിന് അർഹത നഷ്ടപ്പെടും എന്ന കാരണത്താലും ടിയാളെ പുനർനിയമനത്തിന് പരിഗണിക്കണമെന്ന് ശുപാർശ ചെയ്തു കൊണ്ട് ലിസ്റ്റും അനുബന്ധ രേഖകളും പരാമർശം 17 പ്രകാരം സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ ലിസ്റ്റിൽ ഉൾപ്പെട്ട ശ്രീമതി.കെ.റോസമ്മയെ പരാമർശം 1 ലെ ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ചും ടി ജീവനക്കാരി സർവ്വീസിൽ നിന്നും പെൻഷൻ ആയി പിരിഞ്ഞു പോകുമ്പോൾ ടി സൂപ്പർ ന്യൂമററി തസ്തിക ഇല്ലാതാവുന്ന തരത്തിലും ടി ഉദ്യോഗാർത്ഥിക്ക് ജനറൽ റൂൾസ് ചട്ടം 39 നൽകുന്ന അധികാരം ഉപയോഗിച്ച് ടിയാളുടെ പേരിനു നേരെ ചേർത്തിരിക്കുന്ന വകുപ്പിൽ/ഓഫീസിൽ പുനർ/റഗുലർ നിയമനം നൽകുന്നതിന് ഉത്തരവാകുന്നു.

**തിരുവനന്തപുരം ജില്ല**

| പേര്, മേൽവിലാസം | ജനനതീയതി | തസ്തിക, ജോലി ചെയ്തിരുന്ന വകുപ്പ്, കാലയളവ് | പുനർനിയമനം നൽകിക്കൊണ്ടുള്ള വകുപ്പ്/ഓഫീസ് |
|---|---|---|---|
| K.Rosamma,<br>TC.7/220, Kairali Nagar,<br>Kanjirampara.P.O,<br>Thiruvananthapuram | 18.2.1955 | Attender Gr.II,<br>General Hospital,<br>Thiruvananthapuram<br>Health Department<br>6.4.2000 to 5.4.2001 | General Hospital,<br>Thiruvananthapuram |

5. ശ്രീമതി.കെ.റോസമ്മയുടെ സേവന പുസ്തകം, വൈകല്യ സർട്ടിഫിക്കറ്റ്, റിലീവിംഗ്/ഡിസ്ചാർജ്ജ് സർട്ടിഫിക്കറ്റ് തുടങ്ങിയവയുടെ അസ്സൽ രേഖകൾ വിശദമായി പരിശോധിച്ച് ബന്ധപ്പെട്ട വകുപ്പ് മേധാവി /നിയമനാധികാരി സ്വയം ബോധ്യപ്പെട്ടതിനുശേഷം ശ്രീമതി.റോസമ്മയ്ക്ക് സ്ഥിര നിയമനം നല്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

എൻ.ബി.കോമളവല്ലി അമ്മ
അഡീഷണൽ സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം
സംസ്ഥാന വികലാംഗ കമ്മീഷണർ, തിരുവനന്തപുരം
ഡയറക്ടർ, എംപ്ലോയ്മെന്റ് & ട്രെയിനിംഗ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
ഡയറക്ടർ, ഹെൽത്ത് സർവ്വീസ്, തിരുവനന്തപുരം
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് കോപ്പി
Copy to:PS to Minister(P & SJ)
PA to Additional Chief Secretary(SJ)
CA to Additional Secretary(SJ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ